





# 'രണ്ടാം വീട്'

**The Digital magazine presented by**

**LITTLE KITEs SPHSS ELANJI**

**2018-19**

# ***ST.PETER'S HSS ELANJI***








# ആശംസ

**ഫാ.സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ**
***സ്കൂൾ മാനേജർ***

**വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷണം സമഗ്രതയാണ്.ആകാശത്തിലെ പറവകളെയും വയലിലെ ലില്ലിപുഷ്പങ്ങളേയും കൂട്ടുപിടിച്ച് ദു:ഖിതരേ പീഡിതരേ നിങ്ങൾ കൂടെ വരൂ എന്നും പാടിയവന്റെ വചനപ്രഘോഷണം ഇതിന് മാതൃകയാണ്. നല്ല മാതാപിതാക്കന്മാരെയും ഗുരുക്കന്മാരെയും രാഷ്ട്രീയക്കാരെയും വൈദ്യന്മാരെയും സാഹിത്യകാരന്മാരെയും കലാകാരന്മാരെയും സാങ്കേതിക**

വിദഗ്ധരെയും കായിക താരങ്ങളെയും സൃഷ്ടിക്കുവൻ അതിനുകഴിയണം.നല്ല വിദ്യാഭ്യാസത്തിന്റെ കാതൽ കണ്ടെത്തി അതുകൊണ്ട് ഭവനം പണിയണം എന്ന മഹത്തായ യജ്ഞവുമായി മുന്നേറുകയാണ് ഇലഞ്ഞി സെന്റ്.പീറ്റേഴ്സ് ഹൈസ്കൂൾ.ഈ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ പ്രവർത്തനങ്ങളും വിജയകരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

റവ.ഡോ.സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ

(മാനേജർ)



# സന്ദേശം

**വിൽസൺ ജോസ് കെ.**

**ഹെഡ് മാസ്റ്റർ**

വിദ്യാഭ്യാസം ഓരോ കുഞ്ഞിന്റെയും അവകാശമാണ് .അത് നൽകുക എന്നത് രക്ഷിതാവിന്റെയും സമൂഹത്തിന്റെയും കടമയുമാണ്. അതിനുള്ള സൗകര്യമാണ് ഇന്ന് പൊതുവിദ്യാലയങ്ങൾ ഒരുക്കിത്തരുന്നതും.ശതാബ്ദിയിലേക്ക് കടക്കുന്ന നമ്മുടെ സ്കൂളും മികവിന്റെ പാതയിൽ മുന്നേറുകയാണ്.നമ്മുടെ സ്കൂളിൽ

നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

നമ്മുക്കുണ്ട്.ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസ്സിൻ സ്കൂൾ ജീവിത പ്രവർത്തനവുമായി

ബന്ധപ്പെട്ട് തയ്യാറാക്കുന്നതിൽ വളരെ സന്തോഷമുണ്ട്.ലിറ്റിൽ കൈറ്റ്സിന്റെ

പ്രവർത്തനങ്ങൾക്ക് ഇതൊരു മുതൽക്കൂട്ടാവട്ടെയെന്നാശംസിക്കുന്നു.

വിൽസൺ ജോസ് കെ.

(ഹെഡ് മാസ്റ്റർ)

# Our   LITTLE KITEs



# ***Editorial board***

***Managing editor:sri.Tinu Thomas***
***(HSA P.S)***
***Circulation manager:smt.Thushara***
***Augustine(HSA P.S)***
***Chief editor :Amal Stephen***
***Sub editors :Albin Francis,***
***Jackbin Joshan***

# ഉള്ളടക്കം


1.എഡിറ്റോറിയൽ

2.സ്കൂൾ ഒറ്റ വാക്യത്തിൽ

3.കവിത

4.ഡോ.എസ് രാധാകൃഷ്ണൻ

5.സ്കൂളൊരു വിഹഗ വീക്ഷണത്തിൽ

6.മഹത് വചനങ്ങൾ

**7.വിവിധ ആഘോഷങ്ങൾ**

**8.സ്പോർട്സ്**

**9.കവിത**

**10.കഥ**

**11.കവിത(ഇംഗ്ലീഷ്)**

**12.കവിത**

**13.കവിത(ഇംഗ്ലീഷ്)**

**14.കഥ**

**15.ലേഖനം(ഇംഗ്ലീഷ്)**

**16.കവിത**

**17.ലേഖനം(ഇംഗ്ലീഷ്)**

**18.കവിത(ഇംഗ്ലീഷ്)**

19. കവിത

20. ലേഖനം(ഇംഗ്ലീഷ്)

21. കവിത(ഇംഗ്ലീഷ്)

22. കഥ

23. കവിത(ഇംഗ്ലീഷ്)

24. കവിത

25. കവിത(ഇംഗ്ലീഷ്)

26. ലേഖനം(ഇംഗ്ലീഷ്)

27. കഥ

28. കവിത(ഹിന്ദി)

# താളുകളിലൂടെ....

# എഡിറ്റോറിയൽ

**പൊതുവിദ്യാഭ്യാസത്തിന് പുതിയ ജന്മം നൽകി**

നമ്മുടെ വിദ്യാലയങ്ങൾ ഹൈടെക് ആയി കഴിഞ്ഞു.ലോകോത്തര വിദ്യാഭ്യാസ നിലവാരത്തിന് കിടപിടിക്കാൻ നമ്മുടെ സാഹചര്യങ്ങൾ ഇപ്പോൾ പര്യാപ്തമായിക്കഴിഞ്ഞു.ഇതുപയോഗപ്പെടുത്തി സെന്റ്.പീറ്റേഴ്സ് ഇലഞ്ഞിയുടെ പുതിയ ഡിജിറ്റൽ മാഗസിൻ തയ്യാറായിക്കഴിഞ്ഞു.ഇതിന്റെ നിർമ്മാണത്തിനു സഹായിച്ച ഗുരുക്കന്മാർക്കും സഹപാഠികൾക്കും നന്ദിയോടെ സമർപ്പിക്കുന്നു. 'രണ്ടാം വീട്.'

അമൽ സ്റ്റീഫൻ

(സ്റ്റുഡന്റ് ചീഫ് എഡിറ്റർ)

# സ്കൂൾ ഒറ്റ വാക്യത്തിൽ......

വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമധേയത്തിലുള്ള ചരിത്രപ്രസിദ്ധമായ പുണ്യപുരാതനവുമായ ഇലഞ്ഞിപ്പള്ളിയുടെ കീഴിൽ ഇലഞ്ഞി ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്നതും മലയാളത്തിന്റെ മിസ്റ്റിക് കവയിത്രി സി.മേരി ബനീത്തായുടെ അധ്യാപനത്താൽ പരിപാവനവും കാവ്യനർത്തകിയുടെ ചിലമ്പൊലികളാൽ മുഖരിതവുമായ ഒരു സങ്കീർത്തനം പോലെ എന്ന നോവലിലൂടെ മലയാളസാഹിത്യസദസ്സിൽ ഉത്തുംഗശൃഗലകളിലെത്തിയ ദൈവത്തിന്റസ്വരം ശ്രവിച്ച കയ്യൊപ്പ് പതിഞ്ഞ ശ്രീ. പെരുമ്പടവം ശ്രീധരനെപ്പോലെ സാഹിത്യസദസ്സിൽ ജ്വലിച്ചുയർന്ന പൂർവ്വ വിദ്യാർത്ഥികളെ സംഭാവന ചെയ്തു...........

ആത്മീയതയുടെ സൂര്യതേജസായി ഉദിച്ചുയർന്ന പാലാ രൂപതയുടെ

അഭിവന്ദ്യപിതാവ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിനെപ്പോലുള്ള തേജസ്സുറ്റവരെ രൂപപ്പെടുത്തിയ,സാധാരണക്കാരായ കുട്ടികളുടെ ആശ്രയവും അവരെ അറിവിന്റെ വെളിച്ചത്തിലേക്ക് കൈപിടിച്ച് നടത്തിക്കൊണ്ട് വിദ്യാദായനിയും സർവ്വപ്രധാനിയുമായി നിലകൊള്ളുന്ന സരസ്വതീക്ഷേത്രമാണ് ഇലഞ്ഞി സെന്റ്.പീറ്റേഴ്സ് ഹയർസെക്കണ്ടറി സ്കൂൾ.

# ഭൂമിതൻ നിരാശ

*കവിത*

*പണ്ട് പലയാണ്ടുകൾ മുൻപേ*

*നമ്മുടെ പൂർവ്വികർ സൃഷ്ടിതമായ്*

*അവർ ദൈവകരങ്ങളിൽ നിന്നും*

*പാരിൻ മടിയിലെത്തി.*

*മാനവരാശിതൻ ഉയർപ്പുകണ്ട്*

*സൂര്യചന്ദ്രാതികൾ ചോദിച്ചുപോയി*

*ഭൂമിയിലുള്ളപോലെന്തുകൊണ്ട്*

*നീ ഞങ്ങളിൽ മനുഷ്യജന്മം*

നൽകിയില്ല?
പലനൂറ്റാണ്ടുകൾ കടന്നുപോയി
പലയുഗങ്ങൾ കടന്നുപോയി.
ഈ ഉയർപ്പ് തൻ നാശത്തിനെന്ന്
പാവം ഭൂമി തിരിച്ചറിഞ്ഞില്ല.
ഇപ്പോൾ മനുഷ്യർ ഭൂമിയിലെ
പ്രകൃതിയെ മുഴുവൻ
മലിനമാക്കി,
ജലസ്രോതസ്സും വയലും
കുന്നിടിച്ചയ്യോ നാശമാക്കി,
വൃക്ഷസസ്യാതികൾ വെട്ടിനീക്കി,
പ്രകൃതിയെ ഇഞ്ചിഞ്ചായ്
കൊന്നൊടുക്കി.

അക്ഷയ മോഹൻ
7B

# ഡോ.എസ് രാധാകൃഷ്ണൻ -ജീവചരിത്രം

ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയായിരുന്ന ഡോ.എസ് രാധാകൃഷ്ണൻ. ഇന്ത്യയുടെ രാഷ്ട്രീയ നേതൃനിരയിൽ അപൂർവ്വമായി കണ്ടുവരുന്ന ചിന്തകരുടെ ഗണത്തിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. വിജ്ഞാന മേഖലയിൽ വഹിച്ച പങ്കുകൾ മുൻനിർത്തി ഡോ.രാധാകൃഷ്ണന്റെ ജന്മദിനം ഇന്ത്യയിൽ അദ്ധ്യാപക ദിനമായി ആചരിക്കുന്നു. 1954 ൽ അദ്ദേഹത്തിന് ഭാരതരത്ന ബഹുമതി ലഭിച്ചു.മദ്രാസിന് (ഇപ്പോൾ ചെന്നൈ) 64 കിലോമീറ്റർ വടക്ക്കിഴക്ക് തിരുത്താണി എന്ന ഗ്രാമത്തിലാണ് രാധാകൃഷ്ണൻ ജനിച്ചത്. തെലുങ്കായിരുന്നു മാതൃഭാഷ. 1975 ഏപ്രിൽ 17 ന് അന്തരിച്ചു.

മന്ന രാജേഷ് .7A

# നവീകരിച്ച സയൻസ് ലാബ്



നിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും ഇടം നൽകുന്ന വേദിയാണ് സ്കൂളിലെ സയൻസ് ലാബ്. ഫിസിക്സ് ,കെമിസ്ട്രി, ബയോളജി എന്നീ പാഠഭാഗങ്ങളിൽ പരാമർശിക്കുന്ന എല്ലാ പരീക്ഷണങ്ങളും നടത്തുവാൻ സയൻസ് ലാബ് പര്യാപ്തമാണ്.

## കമ്പ്യൂട്ടർ ലാബ്



ഇന്റർനെറ്റ് സംവിധാനത്തോടുകൂടിയ 20 ൽ പരം കംമ്പ്യൂട്ടറുകൾ ലാബിൽ സജ്ജീകരിച്ചിട്ടുണ്ട്.

# ഓരോ ക്ലാസിനും ഓരോ പത്രം




ഓരോ ക്ലാസ്സിനും മലയാളത്തിലെ പ്രമുഖ പത്രങ്ങൾ വിതരണം ചെയ്യും.ദിവസവും പ്രധാന വാർത്തകൾ കുട്ടികൾ തയ്യാറാക്കുന്നു. ഇത് കുട്ടികളുടെ ഭാഷാശേഷിയും പൊതു വിജ്ഞാനവും വർദ്ധിക്കുവാൻ കാരണമാകുന്നു.

# ഹൈടെക് ക്ലാസ്സ്മുറികൾ




ഇലഞ്ഞി സെന്റ്.പീറ്റേഴ്സ് സ്കൂളിൽ അദ്ധ്യാപന മികവിനായി നവീകരിച്ച ക്ലാസ്സ്മുറികൾ(ഹൈടെക്) ഈഅദ്ധ്യാന വർഷത്തിൽ നിർമ്മിക്കപ്പെട്ടു.
ഓരോ ക്ലാസ്സിലും ലാപ് ടോപ്പുകൾ വച്ച് കുട്ടികളെ പഠിപ്പിക്കുവാനുള്ള സൗകര്യം ഇതിനാൽ ലഭ്യമായി.

# സ്ക്കൗട്ട് ആൻഡ് ഗൈഡ്



ഭാരത് സ്ക്കൗട്ട്സ് ആൻഡ് ഗൈഡിന്റെ ഒരു മികച്ച യൂണിറ്റ് സ്ക്കൂളിൽ പ്രവർത്തിക്കുന്നു.

# ജൂനിയർ റെഡ്ക്രോസ്



നകഥല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ജൂനിയർ റെഡ്ക്രോസ് യൂണിറ്റ് സ്കൂളിനുണ്ട്. കുട്ടികളിൽ സേവന പരിചരണ മനോഭാവം വളർത്തിയെടുക്കുന്ന പ്രവർത്തനങ്ങളാണ് ക്ലബ്ബിന്റേത്.

# കരാട്ടേ - യോഗ ക്ലാസ്സുകൾ



കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കായി കരാട്ടേ,യോഗാ ക്ലാസ്സുകൾ.



# മഹദ്വചനങ്ങൾ

1,"നല്ലവനായിരിക്കു,നിങ്ങൾക്കു സന്തോഷമുണ്ടായിരിക്കും”.

ബഞ്ചമിൻ ഫ്രാങ്ക്ലിൻ

2,"സന്തോഷത്തിനും നർമ്മത്തിനും നമ്മുടെ സുഖപ്രാപ്തിയിൽ ഏറെ പങ്കുണ്ട്'".

നോർമ്മൻ കസിൻസ്

3,"അന്യരെ അറിയുന്നത് ബുദ്ധി,സ്വയം അറിയുന്നത് വിവേകം;”

പഴമൊഴി

4,"പ്രകൃതിയിൽ നിന്നും ലഭിക്കുന്ന പരിശീലനമാണ് ശരിയായ വിദ്യാഭ്യാസം".

പാണിനി.

# വിവിധ ആഘോഷങ്ങൾ







# Sports Day





**കവിത**

# അമ്മ

*പുലർകാലേ പെയ്യുന്ന മഞ്ഞിൻതണുപ്പിൽ*
*മെല്ലെ ഉണർന്നെഴുന്നേറ്റു പൊന്നമ്മ*
*ഓടിയെടുത്തടുപ്പിൻ ചുവട്ടിലായി*
*അന്നുവേണ്ടുന്ന ആഹാരം തീർക്കുവാൻ*
*ഏറെ പണിപെട്ടു കത്തിച്ചെടുത്തൊരി*
*ജ്വാലതൻ നെറുകയിൽ പാത്രവുംവച്ചുടൻ*
*നാലഞ്ച് കൂട്ടം കറിയുമുണ്ടാക്കിയവൾ*

അന്നമാകുന്ന നേരവും നോക്കിയിരുന്നു
മക്കളുണരുംമുമ്പെത്രയും വേഗമമ്മ
മേശയിൽനിരത്തി വിഭവങ്ങളൊക്കെയും
മക്കളോ മേശക്കരികിലെത്തി ചൊല്ലി.
ഒട്ടും രുചിക്കുന്നില്ലീച്ചോറും കറികളും
ഇന്നും ഞാനീ വഴിത്തട്ടിൽ നിന്നുണ്ടിടാം
തന്നിടൂവേഗം കുറച്ചുപണം കയ്യിൽ
ഇത്രയും ചൊല്ലിയകന്നു മക്കളോ-
അമ്മതൻ കണ്ണുനീർ കാണാതെ പോകുന്നു.....
അമ്മതൻ സ്നേഹവും ത്യാഗവുമെല്ലാം
നിനക്കായി പാകപ്പെടുത്തിയതല്ലേ?
അമ്മതൻ കൈപ്പുണ്യമാധുര്യമൊക്കുമോ

***മറ്റാരും നൽകുന്ന അന്നമതിൽ............?***

**കഥ**

## കരുതൽ

**കാക്ക അണ്ണാറക്കണ്ണനെ മുറിവാലനെന്ന് കളിയാക്കാറുണ്ടായിരുന്നു. അണ്ണാറക്കണ്ണൻ കാക്കയെ കരകരപാട്ടുകാരി എന്നും. കാക്ക ഒന്നും കരുതിവെക്കാതെ കിട്ടുന്നതെല്ലാം അപ്പപ്പോൾ തിന്നും.അണ്ണാറക്കണ്ണൻ കൂട്ടിൽ കുറച്ചെങ്കിലും മിച്ചം സൂക്ഷിക്കും.മഴക്കാലം വരുമ്പോൾ കാക്ക അണ്ണാനോട് ചോദിച്ചു:എന്റെ മുറിവാലൻ ചങ്ങാതി കുറച്ച് മാങ്ങാത്തൊലി എനിക്ക് കടം തരാമോ?**

**അണ്ണാൻ പറഞ്ഞു;ഏയ് കരകരപ്പാട്ടുകാരീ മഴക്കാർ വരുന്നത് കാണുന്നില്ലേ,**

അതിനെന്ത്? നിന്റെ സമ്പാദ്യം എന്റെ കൂട്ടിൽ കൊണ്ടു വന്ന് വെക്ക് ,ഞാൻ സംരക്ഷിക്കാം. കൊള്ളാം ,അണ്ണാൻ ചിരിച്ചു.മുതലവായിൽ കോഴികുഞ്ഞിനെ വെയ്ക്കാനോ! കരുതിവെക്കാൻ മാത്രമല്ല അതുസംരക്ഷിക്കാനും ജാഗ്രത വേണം.

## Poem

# Making for a miracle

*Miracles happen all around me*
*I,Myself am a miracle*
*Born as a peal,hidden in a shell*

*Deep in this ocean*

*I'm inside this shell*
*Made by the perfect designer,Nature*
*Being invisible to those on the shore*
*Enjoying the welling tides*

*The ray of light peeping in*
*Though the water*
*Touching my shall today*

*Asking me to come out and see the world*

*Counting each second*
*For a miracle to happen*
*That the miracle I admire*
*To break my shall of invisibility*
*Miracles are a wonder,a joy*
*Bringing beauty to my life*
*Waiting for the day to*
*Become visible*
*To complete my life as a pearl.*

*Mathew santi*
*10A*

**കവിത**

# ചുവപ്പ്

*മുറിച്ചുമാറ്റിയ പൊക്കിൾകുടിക്കഷ്ണം,*
*കുട്ടിപാവാടയിലെ ചുവന്നവട്ടപ്പൊട്ട്*
*വാർന്നുചീകിയ കറുപ്പ്,കാത്ത സിന്ദൂരം,*
*കൈ കോർത്തുനടന്നുകണ്ട അസ്തമയസൂര്യൻ*
*പൊട്ടിയ കുപ്പിവളക്കഷ്ണങ്ങൾ വീണ്ടും.....*
*ഊർന്നിറങ്ങുന്ന ചുവപ്പ്!*
*കൈത്തണ്ട വരിഞ്ഞു മുറുക്കിയ*

ചങ്ങലയുരഞ്ഞ ചുവപ്പ്!
കവ്യത്തിലാഴ്ന്ന കോമ്പല്ലിന്റെ തുഞ്ചം
അബോധത്തിന്റെ ഇരുട്ടിലേക്ക്
അവസാനമായി തുറിച്ചുനോക്കിയ
ഒറ്റക്കണ്ണൻ ബസിന്റെ ഹെഡ്ലൈറ്റ്.

പോൾ സെബാസ്റ്റ്യൻ
9 C

**Poem**

# Bring The Real You....

*Tangled in norms and rules*
*which are meant for you,*
*Restrain yourself from being you*
*Being you is being wrong*

*You choose to be someone new*
*Someone so not you.*
*Being you will be worth so much*
*But will be worth so much*
*Doing what is right*
*Living life the best*
*Different from the rest*
*You are made different*
*To lead a life different*
*Be what you are*
*Be the real you!*

*Nirmal Binu james*

*9c*

**കഥ**

## മുഖംമൂടി

**_________________ യാദൃശ്ചികമായ് പൂച്ചയും കുറുക്കനും കുറ്റിക്കാട്ടിൽ വച്ച് കണ്ടുമുട്ടി.പൂച്ച കാട്ടുകാണാൻ ഇറങ്ങിയതായിരുന്നു.കുറുക്കൻ ഇര തേടിയും. നല്ല തടിയൻ നാടൻ പൂച്ച ! കുറുക്കന്റെ നാവിൽ വെള്ളമൂറി.ഇന്നത്തെ ശാപ്പാട് കെങ്കേമമാക്കണം. കുറുക്കൻ പൂച്ചയെ ഒളിക്കണ്ണിട്ട് നോക്കി. നാക്കു കൊണ്ട് ചുണ്ടു തുടച്ചു.**

കാടിനേയും അവിടത്തെ ജന്തു ജീവിതത്തേയും കുറിച്ച് പൂച്ച കേട്ടിരുന്നു. യജമാനൻ കാട്ടിൽ നിന്നു പിടിച്ചു കൊണ്ടുവന്ന മാൻ പറഞ്ഞാണ് അതെല്ലാം അറിഞ്ഞത്.

അതുകൊണ്ടുതന്നെ കാടു കാണാനിറങ്ങിയപ്പോൾ ചില മുൻകരുതലൊക്കെ ആ മാർജ്ജാരൻ എടുത്തിരുന്നു.

കുറുക്കൻ അടുത്തുവരും തോറും പൂച്ച അകന്നു മാറി.ക്ഷമകെട്ട കുറുക്കൻ പറഞ്ഞു.

ചങ്ങാതീ തന്നെ കണ്ടിട്ട് നാടനാണെന്നു തോന്നുന്നല്ലോ. താനുമായി സ്നേഹത്തോടെ പെരുമാറാൻ ഞാനാഗ്രഹിക്കുന്നു.

ധാരാളം കുറുക്കൻ കഥകൾ പൂച്ച കേട്ടിരുന്നു.കുറുക്കൻ ബഹുസൂത്ര ശാലിയാണ്.താൻ, കാര്യം നേടാൻ പല ഉപായങ്ങളും അവൻ പ്രയോഗിക്കാറുണ്ട് എന്നൊക്കെ....പൂച്ച അകന്നകന്നു പോകുകയാണ്. താനുമായി അടുക്കില്ലെന്നു ബോധ്യമായപ്പോൾ സർവ്വശക്തിയുമെടുത്ത്

കുറുക്കൻ പൂച്ചയുടെ നേർക്കുകുതിച്ചു.അൽപ്പ നേരം തെറ്റിയിരുന്നെങ്കിൽ പൂച്ചയുടെ കഥ കഴിയുമായിരുന്നു.

ഞൊടിയിടയിൽ പൂച്ച അടുത്തുള്ള വൻമരത്തിന്റെ മുകളിൽ കയറിപ്പറ്റി.മുകളിലെത്തിയ പൂച്ച ഞെട്ടിപ്പോയി ! താനിരിക്കുന്ന മരത്തിന്റെ തൊട്ടടുത്ത കൊമ്പിൽ ഒരു പുലിക്കുഞ്ഞ് ഒളിച്ചിരിക്കുന്നു.

പിന്നെയാണ് മനസ്സിലായത് അതൊരു മുഖംമൂടിയായിരുന്നു വെന്ന്.പൂച്ചയ്ക്കൊരു സൂത്രം തോന്നി.ആ മുഖംമൂടി ധരിച്ച ശേഷം മരത്തിന്റെ മുകളിൽനിന്ന് പൂച്ചതാഴെയിറങ്ങി.

പൂച്ചയെ അന്വേഷിച്ച് മരത്തിനുചുറ്റും നടന്ന കുറുക്കൻ മുഖംമൂടി ധരിച്ച പൂച്ചയെ കണ്ടപ്പോൾ ജീവനും കൊണ്ടോടി.കുറുക്കൻ മണ്ടുന്നതു കണ്ട് പൂച്ച ഉള്ളിൽ ചിരിച്ചു കൊണ്ട് മറ്റൊരു വശത്തേക്ക് നടന്നു നീങ്ങി.

സബീനാ ബിജോ

**6B**

*Prose* **Peace**

**let's excavate peace let rays engender from it the rays of peace as the rays of light engendering from the sun let the rays clear all the nebulous ways and all the obscure rays and bring demise of war now hear the hymn that mollify our minds let the world blossom the fragrance of peace let the doves fly over the sky and let them not be scared to perceive down the earth let's bring a heaven into existence on this earth let's wish the peace that arise with sun rise and do not end with lurid sun set.**

**Hari krishnan J**

**8A**

**കവിത**

# തളിരിന്റെ സങ്കടം

ഇരുളിന്റെ മാറ്റ് പിളർന്നിതാ

ഭൂമിയിലേക്ക് പൊട്ടിമുളച്ചൊരവതാരം

സൂര്യന്റെ ചൂട് താങ്ങാൻ കഴിയാതെ

പോകുന്നെനിക്ക് സൂര്യന്റെ

ചൂടേറ്റ് തളർന്നൊരു തളിർ

എങ്ങും പൊടിപടലങ്ങൾ

താങ്ങാൻ കഴിയാതെ പോകുന്നെനിക്ക്

*ഹേ ഭൂമീദേവി എൻ കഷ്ടത*

*കാണുന്നില്ലേ നീ എന്തിനീ*

*ഭൂമിയിലേക്കയച്ചു നീ*

*ഹേഭൂമീദേവീ, എൻ ജീവൻ*

*നിൻ കൈകളിൽ ഭൂമീദേവീ*

*എൻ ജീവൻ നിൻ കൈകളിൽ*

*അലീനാ മോൾ റെജി*

***8 c***

*Prose*

# kanyar kali

## ***a famous dance form of palakkad district of kerala***

The state of kerala has people belonging to different castes and traditions, hence each district of our state is famous for its own distinctive art form same of them are that thaiyam of kannur district, of our art forms. Some of them are thaiyam of kannur district, poora kali of kasargod district, kakkarihsi nadukam of central travancore, trivandram  and so on.I would

like to prersent her a write up about a famous art from of my district palakkad-kanyarkali ordesathukali.It is performed mainly in temples for a period of three consecutive nights starting at 10 pm in a 56 pole "kalipandhal". The first day is known as cheriyavalluvan, the second day as veliyavalluvan and the last day as  malama. This dance form is perfomed with fast moving steps and makes use of rhythmic mixed malayalam and tamil devotional songs.This art form has been transferred from one generationto the next as a tradition.such art forms are very much important and essential since it make the forthcoming generation aware of our old customs and traditions.

Albin anil      8A

***poem***

# ***Faulty fate***

***you came in like breeze***
***with the sweet smile***
***and the serene little face that made me freeze!***

***got along like water and sugar***
***never even had a tiny little hate***
***fought, cried and survived through it all***

*lived, even after all those falls!*

*you slowly turned into my reflection*
*that gave me all that conviction*
*to climb all those mountains*
*and walk through that wall!*

*Like my living shadow,*
*you walked along with me through it all.*

*Then the circumstances hit us from behind*
*and gently destroyed it all*
*never understood, realized or even imagined!*

*It was my fault, or was it my fate?*
*I tried not to let it fall apart*
*i never wanted to meke you hurt!*
*No one knows about the things i've been through*
*you can  never even measure.*
*The horror this has put me through!*

*But i feel gulity ans so blue*
*waiting for my fat to wake up and realize!!!*

***Anosh issac***
***9C***

**കവിത**

# എനിക്ക് മനസ്സിലാകുന്നില്ല

പൊട്ടിയ കുപ്പിവളപ്പൊട്ടുകൾ
കീറിപറിഞ്ഞ ഉടുപ്പുടവകൾ
നിലത്ത് കലപില കൂട്ടുന്ന നൂലിൽ
നിന്നിർന്നുവീണ മാലമുത്തുകൾ
എനിക്ക് മനസ്സിലാകുന്നില്ല,

കൗമാര വാതിൽ പടിയിൽ സ്തബ്ധയാം
ഈ കൗമാരിയുടെ രക്തവും മാംസവും
ഏത് കാട്ടാളനാണ് പങ്കിട്ടെടുത്തത്?
എനിക്ക് മനസ്സിലാകുന്നില്ല
അവളുടെ മനസ്സിൻ ചെപ്പിലൊളിച്ച
സ്വപ്നങ്ങളാൽ നെയ്ത  മയിൽപ്പീലിത്തുണ്ടുകൾ
കത്തിക്കരിച്ച് ചാരമാക്കിയതാര്
കഴുകൻമാർ മനുഷ്യർക്ക്,
വഴിമാറും ഈ കാലം
മനുഷ്യാ നീ പുനർചിന്തനം ചെയ്യേണം
നീ മനുവിന്റെ സന്തതിതന്നെയോ.......?

അസ്നാ മോൾ സജി
**8B**

**prose**

# We don't know

At first, there was nothing or everything!we don't known but we realise the fact that we are humans. We don't known if it's the beginning or the end of everything, but we have the sence to realise it. are we closed up by the barriers of religion?we don't know but we realise that there is a creator.

When will we break these barriers and realise that the creator is within us and in every creation ever made? We don't know and we never want to know. Why can't we break the barriers that our ancestors created to save ourselves? Are we really having the freedom to thing so or are we just a product of the barrier system?we don't know; we'll never find out When will we know that stability of happy ness is in realising yourself? We don't know, because we've never experienced it yet.“we don't know” ended up in god. barrier system bought the god. And we are merely the followers.

Joel thomas
9A

**poem**

# Phoenix

**she was lost,**
**she didn't known what she felt anymore.**
**She was both happy and sad at the same time.**
**She tried to close her heart,to**
**things she didn't  want to feel.**

**She could not.**

**She would never tell**
**how she felt,**
**she would stay quiet**
**and keep it all for herself.**

**She lost so much**
**and gained so little.**
**She expected too much**
**from the lie she was living.**

**She said she was fine**

**but she was going insance.**
**She said she felt good**
**but she was in lot of pain.**

**Sha lost herself trying to hold on**
**she cried over the delusion her life was**

**she feel and kept falling**
**till she found**
**the happiest was finished**
**now she knows**
**it is the beginning**
**now she knows,**

she will survive the fire that, consumed her
once.
She is a phoenix now
and will remain ane
even if she burns,
she will rise,
from the ashes
of despair and sorrow.
For she knows exactly,
how to rise again
as the has been a phoenix bafore.

Dinto Geordy
9C

**കഥ**

# ഞാൻ കൂവിയില്ലെങ്കിൽ...

കൃഷിക്കാരൻ ഓമനിച്ചു വളർത്തുന്ന പൂവൻ കോഴിയും **പിടക്കോഴിയും തമ്മിൽ വാദപ്രതിവാദം നടന്നു.പൂവൻകോഴി പറഞ്ഞു; "ഞാൻ ദിവസവും കൂവുന്നതുകൊണ്ടല്ലേ യജമാനൻ ഉണരുന്നത്.ഞാൻ കൂവിയില്ലെങ്കിൽ യജമാനൻ ഉണരുകയുമില്ല,വയലിൽ പോവുകയുമില്ല ."**

**പിടക്കോഴി അതു സമ്മതിച്ചു കൊടുക്കാൻ തയ്യാറായതുമില്ല അവൾപറഞ്ഞു."എനിക്ക് കൂവാൻ കഴിഞ്ഞില്ലെങ്കിലും ഞാൻ കൊടുക്കുന്ന മുട്ടയാണ് യജമാനന് വയലിൽ പണിയെടുക്കുന്നതിന് ശക്തി നൽകുന്നത്".**

**ചിറകടിച്ച് കൊക്കും അങ്കവാലും ഉയർത്തി ശിരസ്സിലെ പൂ വിറപ്പിച്ച് പൂവൻ ആവുന്നത്ര ഉച്ചത്തിൽ കൂവിയിട്ട് തിരിച്ചടിച്ചു."നാളെ വെളുപ്പിന് ഞാൻ കൂവുകയില്ല."പിടയും തിരിച്ചടിച്ചു.അവൾ പൂവനെ**

കളിയാക്കി."ഒരുകൂവലുകാരൻ!ചങ്ങാതി നാളെ വെളുപ്പിന് കൂവണ്ട.യജമാനൻ ഉണരുംഎന്നറിയാമല്ലോ".വിജയ ഭാവത്തിൽ പൂവൻ കോഴി സമ്മതിച്ചു.

വെളുപ്പാൻകാലത്ത് പൂവൻ കോഴി ഉണർന്നു.അവൻ പിടയെ വിളിച്ചുണർത്തിയിട്ടു പറഞ്ഞു."ഞാൻ കൂവുന്നില്ല.കുറച്ചുനേരം കഴിഞ്ഞ് യജമാനൻ ഉണർന്നോ എന്ന് ചെന്ന് നോക്കാം".അൽപ്പം കഴിഞ്ഞ് ഇരുവരും കൃഷിക്കാരൻ കിടക്കുന്ന മുറിയുടെ അടുത്തുചെന്നു.

അപ്പോൾ മുറിയുടെ വാതിൽ തുറന്നു കിടന്നിരുന്നു.കട്ടിലിൽ യജമാനനെ കണ്ടില്ല.തിരിഞ്ഞുനോക്കിയപ്പോൾ അദ്ദേഹം വയലിലേക്കു പോകുന്നത് നാട്ടുവെളിച്ചത്തിൽ അവർ കണ്ടു."അപ്പോൾ കോഴികൂവാതെയും യജമാനൻ ഉണരും.അല്ലേ?നേരം വെളുക്കുകയും ചെയ്യും!"
പിടയുടെ ചോദ്യം കേട്ട് പൂവന്റെ തല കുനിഞ്ഞുപോയി.

അൽനസ്സ് ഷിജു
**8A**

***Poem***

# Unclip my wings

**Fly to the right**
**Swing to the left**
**Look up straight**
**Fly like I say**

**Wheels turn around**
**Clouds pour & fade**
**Seasons pass**
**Yet I remain here**
**See the stars**
**they shine bright**
**See the sky**
**The rainbow glows**

**You see them now**
**But they change.....**
**Its time to go**
**Please let me go**
**Its time to fly**
**Unclip my wings**
**Let me fly**
**Let me fall**
**Let me take the blame**
**Of my fault......**
**I can know**
**I can learn**
**I can make a change**
**With my will**
**Don't clip my wings...**

**Adarsh K.A 9A**

## ***Poem***

# Shadow

*There's always some one*
*Looking at me*
*In my mirror*
*Sometimes he smiles at me*
*Otherwise stares back at me*
*Sometimes he even talks to me*
*Or his lips move faintly*
*Into a smile*
*Makes me happy*

*He even makes me sad and cry*
*Is he my best pal*
*I don't know*
*Sometimes he is angry with me*
*Maybe for my mistakes and misdeeds*
*But never hates me for sure*
*Instead teaches me*
*To love*
*To respect*
*And to make peace*
*Every day when I wake up*
*I look at me*
*He never closes to his eyes in front of me*

*And I know why*
*Because he is very close to my heart*
*And my soul*
*He is the one who knows every thing about me*
*no secrets between us*
*yes!Now I know*
*Who he is*
*He is my best pal*
*Or is it me?*

*Alphy Mathew*
*10A*

**Prose**

# The destroyer

**The dark night hugged me his deepness forcefully pulled me**
**I stiffened with fear the deep darkness again called me. And I was ready to hear what it wanted to say I saw the night was very sad and**
**his deep darkness frightened me. but the sound of the nightingale in the foggy cold wind gave me a safe escort. i sharpened my mind ot her what it  wanted to share and wUntitled Folderith a great sigh, it started no one, no one like me Even,even the new-born baby hates me hesitates  with me;is terrified of me why,why**

**such a life for me? These words blew in and out of my b mind drenched in sweat i stood there for a while**
**not even able to speak a word. I realised that i too,feared the night**
**why,that would be anyone's guess. Again i was ready and stopped to hear them hyperbolic sufferings the night said,i am the destroyer**
**closing my eyes all i could hear was his cry his cry that was laced in my mind that every on prayed for a better day no one just cared for the night at last i had some words of comfort,with in all my efforts ,consoled this mad world,you find a relief only in the depth of the night you are not the destroyer you are, you are the eminent creation of god.**

**- Akshay anil**
**8A**

# പാളിപ്പോയ ബുദ്ധി

നാട്ടിൽ വെച്ച കണ്ടുമുട്ടിയ ഒട്ടകത്തെ പാട്ടിലാക്കി അലി കുറുക്കൻ കാട്ടിലെത്തി.ഇവനെ വേണ്ടവിധം ഉപയോഗപ്പെടുത്തിയാൽ തനിക്ക് രാജപദവിയിൽ കഴിയാം.

ഇവൻ ആരെന്ന് കാട്ടുമൃഗങ്ങൾ ചോദിച്ചപ്പോൾ കുറുക്കൻ പറഞ്ഞത് "കാട് ഭരിക്കാനായി വനയക്ഷി അയച്ച രാജാവാണന്നാണ്".മൃഗങ്ങൾ ഒട്ടകത്തെ സാഷ്ടാംഗം പ്രാണാമം ചെയ്തു.അലിക്കുറുക്കൻ ഒട്ടകത്തിന്റെ കാലിലൊന്ന ചവിട്ടിയപ്പോൾ അവൻ കാറിപ്പറിഞ്ഞു.

"ഞാൻ കാട്ടിലെ രാജാവ്.യക്ഷിദേവി കാട്ടിലേക്കയച്ച എന്നെ

ധിക്കരിച്ചാൽ ഈ കാട് ഞാൻ ഭസ്മമാക്കും.കാണണോ?"

ചുറ്റും കൂടിയ മൃഗങ്ങൾ ഭയന്നുനിൽക്കേ,"എന്താണിവിടെയൊരുകൂട്ടം?" എന്നു ചോദിച്ച് സിംഹരാജൻ മൃഗങ്ങളുടെ ഇടയിലേക്ക് ചാടിവീണു.ആ വീഴ്ചയിൽ മൃഗങ്ങൾ ചിതറിപ്പോയി.അവർ പുതിയ രാജാവായ ഒട്ടകത്തെ പരിചയപ്പെടുത്തി. മൃഗരാജാവേ വണക്കം. ഒട്ടകം സിംഹത്തിന്റെ നേരെ കൈ കൂപ്പിയിട്ട് ഭവ്യതയോടെ ചോദിച്ചു."അവിടുത്തെ കാട്ടിലേക്കാനയിച്ച ആ കുറുക്കനെവിടെ ?"ഒട്ടകം ചുറ്റുംനോക്കി.സിംഹം വരുന്നത് കണ്ടപ്പഴേ കുറുക്കൻ സ്ഥലം വിട്ടിരുന്നു.

"നിന്നെ ഒന്നും ചെയ്യുന്നില്ല.പൊയ്ക്കോ നാട്ടിലേക്കുതന്നെ.കാട്ടിൽ കിടന്ന് ഞങ്ങൾക്കിരയാകണ്ട".സിംഹം ഗർജ്ജിച്ചു. ഒട്ടകം ഞെട്ടി.ഒട്ടകത്തിന് തനിക്കു പറ്റിയ അമളി മനസ്സിലായി. ഒട്ടകം മൃഗരാജനോട് മാപ്പു ചോദിച്ച് നാട്ടിലേക്ക് യാത്രയായി.

എലിസബത്ത് കെ റോണി
8B

कविता

# आब कया हु आ

मन मेरा दु खाकर है
आब कया हु आ
दिल मैं आग लगकर पुछता है
आब कया हु आ

आखों में आंसु निकलने तो,
तुझपे कया झलजाम दुं ?
आंसु मेरा ही है
आब कया हुआ ?

मुझे नींद न आया
तो तुझपे कया झलजाम दुं
नींद मेरी चूराकर पूछता है
आब कया हु आ ?

जिसके कूछ झूठी कसमें
खाइॆं,साथ चलने की.
जीसने कुछ झूठ वादे किये,
साथ सदा रहने की,
वे आब आपना किसी को
बनाकर पूछता है
आब कया हुआ ?

*मैंने तुझको चाहा तो ,*
*तुझको कया झलजांम दूं ?*
*आब बेवफा मुझको,*
*बताकर पूछता है ,*
*आब कया हु आ ??*

*मन मेरा....*
*दिल  मेरा....*
*आखों और आंसू मेरा....*
*आब कया हुआ....??*

*आलबिन आनिल*

***8A***



THANKS......



Amal Stephen.